# കേരള സർക്കാർ

## സംഗ്രഹം

കെ-ടെറ്റ്/സെറ്റ് പരീക്ഷകളിൽ അസ്ഥിവൈകല്യം/മസ്തിഷ്ക സംബന്ധമായ വൈകല്യം എന്നിവയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് സ്ക്രൈബിനെ അനുവദിച്ച് ഉത്തരവാകുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(സാധാ) നം./5051/2017/പൊ.വി.വ തീയതി,തിരുവനന്തപുരം, 29/12/2017

---

പരാമർശം:-

(1) ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവകാശ സംരക്ഷണ നിയമം, 2016.
(2) 20/12/17 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഐ.ഇ.ഡി/65200/17/ഡിപിഐ നമ്പർ കത്ത്.

## ഉത്തരവ്

2016 ലെ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവകാശ സംരക്ഷണ നിയമം, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പരീക്ഷകൾ എഴുതുന്നതിന് സ്ക്രൈബിന്റെ സേവനം, അധിക സമയം ഇവയുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ സേവനം കെ-ടെറ്റ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്നില്ല എന്നും, ആയത് ലഭ്യമാക്കണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

Scanned by CamScanner

1. കൈകൾക്ക് സ്വാധീനമില്ലാത്തതും (orthopaedically handicapped) മസ്തിഷ്ക സംബന്ധമായ വൈകല്യമുള്ളതുമായ (cerebral palsy) വിദ്യാർത്ഥികൾക്ക്, നാൽപ്പത് ശതമാനമോ അതിലധികമോ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) , സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) എന്നീ / പരീക്ഷകൾ എഴുതുന്നതിന്, സ്ക്രൈബിന്റെ സേവനവും ഓരോ മണിക്കൂറിനും ഇരുപത് മിനിറ്റ് അധിക സമയവും അനുവദിക്കാം.

2. ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി ക്ലാസ്സുകളിലെ രണ്ടാംവർഷ വിദ്യാർത്ഥികളെ, അതാത് പരീക്ഷാകേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാർക്ക് പരീക്ഷാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയുടെയും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ (ശരിപ്പകർപ്പ്)യും അടിസ്ഥാനത്തിൽ സ്ക്രൈബായി നിയോഗിക്കാം.
3. കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്ക്രൈബായി നിയോഗിക്കപ്പെടുന്നവർക്ക് ലഭിക്കുന്ന അതേ നിരക്കിലുള്ള പ്രതിഫലം ഈ വിഭാഗം വിദ്യാർത്ഥികൾക്കായി നിയോഗിക്കപ്പെടുന്ന സ്ക്രൈബിനും അനുവദിക്കാം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എച്ച്.നജീബ്

ജോയിൻറ് സെക്രട്ടറി

Scanned by CamScanner

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
സെക്രട്ടറി. പരീക്ഷാഭവൻ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് മുഖേന)
ഡയറക്ടർ, എൽ.ബി.എസ്. പാളയം, തിരുവനന്തപുരം
എല്ലാ ഡെപ്യൂട്ടിഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും/ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ)/(പ്രസ്സ് റിലീസ്) വകുപ്പ് (പ്രസിദ്ധീകരണത്തിനും പ്രചരണത്തിനുമായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

Scanned by CamScanner